മേൽപ്പടി ബണ്ട് ഇന്ന് അളന്ന് കല്ലിട്ടിട്ടുള്ള രീതിയിൽ വീതികൂട്ടുകയോ ബലപ്പെടുത്തുകയോ ചെയ്യേണ്ട ആവശ്യമില്ല. ഇപ്പോഴും യാതൊരു കുഴപ്പവുമില്ലെന്നാണ് ഗവൺമെൻറിന്റെ നിലപാട്. എന്തായാലും ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് പരിശോധിക്കാം.

4. പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, എന്റെ നിയോജകമണ്ഡലത്തിൽ പീച്ചിയിൽ പ്രവർത്തിക്കുന്ന കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, അത് കേരളത്തിന്റെ മൊത്തം വരുന്ന ഒരു സ്ഥാപനമാണ്. ആ സ്ഥാപനം ഒരു സ്വയംഭരണസ്ഥാപനമാക്കണമെന്ന് ഞാൻ ഈ സഭയിൽ ഒരു സബ്മിഷനിലൂടെ ഉന്നയിച്ചിരുന്നതാണ്. അന്നത്തെ ഇറിഗേഷൻ മന്ത്രിയായിരുന്ന ശ്രീ. എം. പി. ഗംഗാധരൻ, കെ.ഇ.ആർ.ഐ. യുടെ പ്രവർത്തനത്തെയും പ്രാധാന്യത്തേയും കണക്കിലെടുത്ത് അത് ഒരു സ്വയം ഭരണസ്ഥാപനമാക്കുന്നതിന് തീരുമാനിച്ചിരുന്നതാണ്. അവിടെ തന്നെ അതിന് തൊട്ടടുത്തു പ്രവർത്തിക്കുന്ന കെ.എഫ്.ആർ.ഐ. ഒരു സ്വതന്ത്രസ്ഥാപനമാണ്. വന ഗവേഷണരംഗത്തുള്ള അതിന്റെ പ്രവർത്തനം വളരെ നല്ല നിലയിൽ നടക്കുന്നു. അതേസമയം കെ.ഇ.ആർ.ഐ. യുടെ പ്രവർത്തനം മന്ദീഭവിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ വിദഗ്ദ്ധരായ എഞ്ചിനീയർമാർക്കും ശാസ്ത്രജ്ഞൻമാർക്കും ഈ രാജ്യത്തെ റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവയെ സംബന്ധിച്ച് ഗവേഷണം നടത്തുന്നതിനാവശ്യമായ മാറ്റങ്ങൾ വരുത്തണം. അതിനു വേണ്ടി കെ.ഇ.ആർ.ഐ. യെ ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട രാഘവൻ പൊഴക്കടവിലിന്റെ നിയോജകമണ്ഡലത്തിലുള്ള പീച്ചിയിലെ എല്ലാ സ്വതന്ത്ര സ്ഥാപനങ്ങളും മിക്കവാറും ഏകോപിപ്പിക്കാൻ പോവുകയാണ്. കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോസ്റ്റൽ എറോഷൻ സ്റ്റഡി സർക്കിൾ, വാട്ടർ റിസോഴ്സസ് സർക്കിൾ, സെൻട്രൽ ഡിസൈൻ ഓർഗനൈസേഷൻ ഇവയെല്ലാംതന്നെ ഏകോപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇറിഗേഷൻ റിസർച്ച് ആന്റ് ഡിസൈൻ ബോർഡ് രൂപീകരിക്കാനുള്ള ആ വിഷയം ക്യാബിനറ്റിന്റെ പരിഗണനയിലിരിക്കുകയാണ്. ഉടൻതന്നെ മിക്കവാറും അതിന് രൂപം കൊടുക്കാൻ കഴിയും.

5. മയ്യനാട്ടു പ്രദേശത്തെ കടലാക്രമണം

ശ്രീ. ആർ. എസ്. ഉണ്ണി: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെടുന്ന മയ്യനാട് താന്നി പ്രദേശത്ത് കടലാക്രമണം കഴിഞ്ഞ ജൂൺ മാസാവസാനത്തിൽ വളരെ രൂക്ഷമായി ഉണ്ടായിരുന്നു. ചില കുടിലുകളൊക്കെ ഒഴുകിപ്പോയി, ധാരാളം തെങ്ങുകൾ പിഴുതുവീണു, കടൽഭിത്തി പലയിടത്തും മണ്ണിനടിയിൽ വീണുപോയിട്ടുണ്ട്. ഇതുവരെയും ഈ പ്രദേശത്തെ കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഇന്നും കടൽ ഏതു സമയവും ആക്രമിക്കപ്പെടാവുന്ന സ്ഥിതിയിലാണ്. ഈ കടൽഭിത്തിയ്ക്കു ഇടയിൽ

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള പ്രദേശങ്ങളുണ്ട്. വള്ളങ്ങളും കട്ടമരങ്ങളും കടലിലേയ്ക്ക് വലിച്ചിറക്കുന്നതിനും തിരിച്ച് വലിച്ചു കയറ്റുന്നതിനും വേണ്ടി ഉപയോഗിക്കുന്ന സ്ഥലങ്ങളാണിത്. ഇവിടെയാണ് കടലാക്രമണം നടന്നുവരുന്നത്. അതുകൊണ്ട് അടിയന്തിരമായി ഇതിന് നടപടി സ്വീകരിച്ചില്ലെങ്കിൽ അത് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കും. അതുകൊണ്ട് അക്കാര്യം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ബഹുമാനപ്പെട്ട ശ്രീ. ആർ.എസ്. ഉണ്ണി പറഞ്ഞതുപോലെ താന്നി പ്രദേശത്ത് ചെറിയതോതിൽ ഒരു കടലാക്രമണം ഉണ്ടായിട്ടുണ്ട്. അവിടെ കടൽഭിത്തി പണിയുന്നതിനായി ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. അവിടെ സൗജന്യറേഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുകയുണ്ടായി. വീട് നഷ്ടപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. അതുപോലെതന്നെ കൃഷി നശിച്ചവർക്ക് അതിനുവേണ്ട നഷ്ടപരിഹാരം കൊടുക്കുന്നതാണ്. റോഡുകൾക്ക് സംഭവിച്ചിട്ടുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

6. നാട്ടിക ശുദ്ധജലവിതരണ പദ്ധതി

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: സർ, 1983-ൽ ആറരക്കോടി രൂപയുടെ നാട്ടിക സമഗ്ര ശുദ്ധജലവിതരണ പദ്ധതി ഡച്ചു ഗവൺമെന്റ് സഹായത്തോടുകൂടിയാണ് ആരംഭിച്ചത്. 1986 മേയ് മാസത്തിൽ കമ്മീഷൻ ചെയ്യേണ്ടതായിരുന്നു. ഡച്ച് ഗവൺമെന്റിൽനിന്ന് റീ ഇംബേഴ്സ് ചെയ്യുന്ന പണം മറ്റ് പദ്ധതികൾക്കുവേണ്ടി തിരിച്ചുവിട്ടിട്ട് ഈ പദ്ധതിയ്ക്ക് വേണ്ട പണം സമയത്തിന് തരാത്തതുകൊണ്ടാണ് അതിന്റെ പ്രവർത്തനം മുടങ്ങിക്കിടക്കുന്നത്. സിമന്റിനും കമ്പിയ്ക്കും കടുത്ത ക്ഷാമമുണ്ട്. അരക്കോടി രൂപയിലധികം കോൺട്രാക്റ്റർമാർക്ക് കൊടുക്കുവാനുണ്ട്. ഇപ്പോൾ പതിനൊന്നരക്കോടി രൂപയായിട്ടാണ് പദ്ധതി റിവൈസ് ചെയ്തിട്ടുള്ളത്. കേന്ദ്രഗവൺമെന്റ് അതിൽ ഏഴരക്കോടി രൂപ ചെലവ് ചെയ്തു. നാലരക്കോടി രൂപകൂടി കൊടുത്താൽ മാത്രമേ ഇപ്പോൾ പറയുന്നപ്രകാരം 1987 മേയ് മാസത്തിൽ ഇത് കമ്മീഷൻ ചെയ്യാൻ കഴിയുകയുള്ളൂ. നടപ്പ് സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ അരക്കോടി രൂപ മാത്രമാണ് അതിനുവേണ്ടി കൊടുത്തിട്ടുള്ളത്. ഇത് ഈ പദ്ധതിയോടു കാണിക്കുന്ന അവഗണനയാണ്. ഇപ്രകാരമാണെങ്കിൽ നിർദ്ദിഷ്ട സമയത്തിന് പദ്ധതി കമ്മീഷൻ ചെയ്യാൻ സാദ്ധ്യമല്ല. ഇത് കമ്മീഷൻ ചെയ്യാതിരുന്നാൽ മറ്റ് പദ്ധതികളേയും അത് ബാധിക്കും. അതുകൊണ്ട് അടിയന്തിരമായി ഇതിനുവേണ്ട നാലരക്കോടി രൂപ ഉടൻതന്നെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ പദ്ധതിയോട് അവഗണനയില്ല, മുഖ്യപരിഗണന മാത്രമേയുള്ളൂ. ആദ്യമുക്കാൽ കോടി രൂപയായിരുന്ന ഇതിന്റെ എസ്റ്റിമേറ്റ് പുതുക്കി പതിനൊന്നരക്കോടി രൂപയാക്കി. ഇതിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ടെന്നുള്ളത് ശരിയാണ്. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ 108 ലക്ഷം രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളുവെങ്കിലും അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly